# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2105** **11.03.2020- ൽ മറുപടിക്ക്**

**ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതി**

**ചോദ്യം** **ഉത്തരം**

**ശ്രീ.അനിൽ അക്കര**

**ശ്രീ. ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പുരോഗതിക്കായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; | എ) | വ്യവസായ പുരോഗതിയും, തൊഴിലും, വരുമാനവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ വ്യാവസായിക പാരിസ്ഥികാവസ്ഥ സൃഷ്ടിക്കുന്നതിന് വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും അതിവേഗം, സുതാര്യമായി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ വിവിധ വകുപ്പുകളിലെ ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തി "2018 -ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2 -ാം നമ്പർ)" നിയമം പുറപ്പെടുവിച്ചു. വ്യവസായ മേഖലയിൽ പുത്തനുണർവ്വ് പ്രദാനം ചെയ്തുകൊണ്ട് 2018 -ലെ കേരള വ്യവസായ വാണിജ്യ നയവും പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളിലെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ചുകൊണ്ട് സംരംഭകർക്ക് ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ഡിസ്പോസൽ ആന്റ് ട്രാൻസ്പാരൻസി) എന്ന പേരിൽ ഒരു ഏകജാലക സംവിധാനം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തുടർന്ന് 2019 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പുറപ്പെടുവിച്ചു. 10 കോടി രൂപ വരെ നിക്ഷേപമുള്ളതും സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ലൈസൻസുകൾ / അനുമതികൾ എന്നിവയിൽ നിന്നും ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ(കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് മൂന്ന് വർഷത്തെ കാലാവധിയുള്ള |

| | | | |
|---|---|---|---|
| | | | സാക്ഷ്യപത്രം ലഭ്യമാക്കുന്നു. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്.<br><br>2020 -21 വർഷം മുതൽ 10 ലക്ഷത്തിന് താഴെ മുടക്ക് മുതൽ ഉള്ള നാനോ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതികളിലൂടെ ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങൾ വ്യക്തമാക്കാമോ; | ബി) | സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവും ആയതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 29.02.2020 വരെ 55740 സൂക്ഷ്മ -ചെറുകിട- ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതിലൂടെ 5093.32 കോടി രൂപയുടെ നിക്ഷേപവും 194175 തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ സഹായത്തിനായി ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതുമൂലം പദ്ധതികൾക്ക് വേഗത്തിൽ ക്ലിയറൻസ് നൽകുന്നതിന് സാധിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ? | സി) | വ്യവസായ സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസ് ലഭിക്കുന്നതിലേയ്ക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ് വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ യോഗ്യമായ അപേക്ഷ നൽകി ഒരു മാസത്തിനകം ലൈസൻസ് ലഭ്യമാകുന്നു.<br><br>10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധിയുണ്ട്. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ